# മലങ്കര സുറിയാനി കത്തോലിക്കാസഭ

## ബത്തേരി ഭദ്രാസനം

### സർക്കുലർ

Circular No.04/2018

# കാരുണ്യസ്പർശം

**ബഹുമാനപ്പെട്ട വൈദീകരേ, സന്യസ്തരേ, സഹോദരങ്ങളെ,**

ഭയാനകമായ പ്രകൃതിക്ഷോഭം കൊണ്ടും മഴക്കെടുതികൊണ്ടും ദുരിതപൂർണ്ണമായിരിക്കുകയാണ് കേരളത്തിലെ ജനങ്ങളുടെ ജീവിതം. തോരാത്ത മഴമൂലം അനേകായിരങ്ങൾ അഭയകേന്ദ്രങ്ങളിലാണ്. 100-ൽ പരം ആൾക്കാർ പ്രകൃതിക്ഷോഭം കൊണ്ട് മരണമടഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. ഗവൺമെന്റും, മറ്റു ഭരണാധികാരികളും ഉണർന്ന് പ്രവർത്തിച്ച് കഴിവുള്ള എല്ലാ സഹായങ്ങളും ദുരിതബാധിതർക്ക് എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കുന്നു. അനേകം ആൾക്കാരുടെ ഭവനം, കൃഷി, വളർത്തു മൃഗങ്ങൾ എന്നിവ ഇല്ലാതായി. റോഡുകളും പാലങ്ങളും തകർന്നു. തോരാത്ത മഴയും, വെള്ളപ്പൊക്കവും കൊണ്ട് ലക്ഷകണക്കിന് ആൾക്കാർ ദുരിതാശ്വാസ സഹായ ത്തിനായി കാത്തിരിക്കുന്നു. ഇത്തരുണത്തിൽ മഴക്കെടുതിയിൽ നിന്നും പ്രകൃതി ദുരന്തത്തിൽ നിന്നും വിടുതൽ ലഭിക്കുന്നതിനും വേണ്ടി എല്ലാവരും ഉപവസിച്ച് പ്രാർത്ഥിക്കണം എന്നുള്ള ആഹ്വാനം അഭിവന്ദ്യ ക്ലിമീസ് ബാവാ തിരുമേനി നല്കിയിരിക്കുകയാണ്. ഈ ദിവസങ്ങളിൽ നമ്മുടെ പള്ളികളിലും, പ്രാർത്ഥനാലയ ങ്ങളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും കഴിവുള്ള എല്ലാവരും ഉപവസിച്ച് പ്രാർത്ഥിക്കുകയും ദേവാലയങ്ങളിൽ വി. കുർബ്ബാനയുടെ ആരാധന തുടർച്ചയായി നടത്തുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്കും വീടുകളിൽ പ്രയാസം അനുഭവിക്കുന്നവർക്കും പരമാവധി സഹായം എത്തിക്കുവാൻ ശ്രേയസ്സിലൂടെ ബഹു. സെബാസ്റ്റ്യൻ ഇടയത്തച്ചനും, ബഹു. തോമസ് പുനമഠത്തിലച്ചനും ശ്രേയസ്സ് പ്രവർത്തവരും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിലെല്ലാം അനേകം ആൾക്കാരുടെയും, സന്നദ്ധസംഘടനകളുടെയും സഹായത്തോടെ നമ്മുടെ വൈദീകരും സന്യസ്തരും അല്മായ പ്രേക്ഷിതനും ഈ ദുരിതാശ്വാസ സഹായങ്ങൾ അർഹിക്കുന്ന എല്ലാവർക്കും എത്തിച്ചുകഴിഞ്ഞു. ശ്രേയസ്സിന്റെ നേതൃത്വത്തിൽ നടത്തുന്ന രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് ഇന്നലെ (16-08-2018) തുടക്കം കുറിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ ജനറാൾ അച്ചന്മാരും, ശ്രേയസ് കുടുംബാംഗങ്ങളും ഞാനും ക്യാമ്പുകൾ സന്ദർശിക്കുകയും ഭവനങ്ങളിൽ പോയി പ്രാർത്ഥിക്കുകയും ചെറിയ സഹായങ്ങൾ നൽകുകയും ചെയ്തു. ഈ ദിവസങ്ങളിൽ ഈ സഹായങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യുകയാണ്.

മഴക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ വിവിധ ഇടവകകളിലെ സഹോരങ്ങളുണ്ട്. ബഹു. വികാരി അച്ചനും, സമർപ്പിതരും, എം. സി. വൈ. എം., എം. സി. എ., മാതൃജ്യോതിസ്, പാസ്റ്ററൽ കൗൺസിൽ, ഇടവക കമ്മറ്റി അംഗങ്ങൾ തുടങ്ങി എല്ലാവരും ഒന്നുചേർന്ന് വേദനിക്കുന്ന സഹോദരങ്ങൾക്ക് എല്ലാവിധത്തിലുമുള്ള സഹായങ്ങൾ എത്തിച്ചുകൊടുക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. കൂടാതെ ശ്രേയസ്സിന്റെ തുടർസഹായപദ്ധതികൾക്ക് നിങ്ങളുടെ പിൻതുണയും സഹായസഹകരണങ്ങളും നൽകണം. ശ്രേയസ് കൃത്യമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ക്രമീകരണം ചെയ്യുകയാണ്. ദുരിതാശ്വാസ പുനഃരധിവാസ പദ്ധതികളുടെ ഭാഗമായി കുട്ടികൾക്ക് പഠനകിറ്റുകളും ഓരോ വീടിനും ആവശ്യമുള്ള സാധനസാമഗ്രികളും എത്തിക്കുന്നു. അതിനുശേഷം ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് ഭവനനിർമ്മാണപരിപാടികളും ആവിഷ്കരിക്കുന്നതാണ്. ഇപ്പോൾ ക്യാമ്പുകളിൽ ഉള്ളവർക്ക് ഭക്ഷണം, വസ്ത്രം എന്നിവയും കുട്ടികൾക്ക് പഠനോപകരണങ്ങളും നൽകുന്നു. തുടർന്ന് വീടിന് ആവശ്യമുള്ള സാധനസാമഗ്രികൾ, വളർത്തുമൃഗങ്ങൾ എന്നിവയും അവസാനഘട്ടത്തിൽ ഭവനനിർമ്മാണപദ്ധതിയും നടപ്പാക്കുകയാണ്. ഇവയെല്ലാം പൂർത്തിയാക്കുവാൻ അനേകലക്ഷം രൂപയുടെ ആവശ്യം ഉണ്ടെന്ന് അറിയാമല്ലോ ? സന്മനസ്സുള്ള എല്ലാ വ്യക്തികളുടെയും സംഘടനകളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രൂപതയിലുലള എല്ലാ ഇടവകകളും, സ്ഥാപനങ്ങളും, സംഘടനകളും, സന്യസ്തരുമെല്ലാം ഇക്കാര്യത്തിൽ പരമാവധി സഹായിക്കണമെന്ന് അറിയിക്കുന്നു. ഒപ്പം നമ്മുടെ പ്രവർത്തനങ്ങൾ വിജയിക്കാൻ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഒരിയ്ക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

അപ്രതീക്ഷിതമായ മഴക്കെടുതി കൊണ്ടും, പ്രകൃതി ദുരന്തം കൊണ്ടും ക്ലേശം അനുഭവിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ സന്ദർശിച്ച് ആശ്വസിപ്പിക്കണം, അവിടെ ദൈവത്തിന്റെ കരുണാർദ്രമായ മുഖം നാം ദർശിക്കുകയും, അവരെ ബലപ്പെടുത്തുകയും ചെയ്യണം. നമ്മുടെ വിഭവങ്ങൾ, സാമ്പത്തികശേഷി, സന്മനസ്സ്, സമയം, കാരുണ്യതല്പരത, മനുഷ്യസ്നേഹം ഇവയെല്ലാം സമന്വയിപ്പിച്ച് സഹാനുഭൂതിയോടെ "നമ്മൾ അവർക്ക് ദൈവത്തിന്റെ കാരുണ്യസ്പർശമായി" പ്രവർത്തിക്കണം. ഈ ചെറിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന കർത്താവിന്റെ വചനം നാം ഓർത്ത് ത്യാഗപൂർവ്വം സഹായിക്കണം. ഏതെങ്കിലും ഇടവകയിലോ, സ്ഥലത്തോ രൂപതയുടെ (ശ്രേയസ്സിന്റെ) പ്രത്യേക ശ്രദ്ധ ആവശ്യമെങ്കിൽ അവിടെ എത്തി എളിയ സഹായങ്ങൾ എത്തിക്കാനും പരിശ്രമിക്കുന്നതാണ്. ദുരിതം അനുഭവിക്കുന്ന സഹോദരങ്ങളോട് നമുക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാം.

കാരുണ്യവാനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും പ്രത്യേകമായ വിധത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കാരുണ്യസ്പർശം പരിപാടിയിൽ പങ്കെടുത്ത് സഹായിക്കുന്നവരെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. ദൈവത്തിന്റെ കരുണയും, കൃപയും ഏവർക്കും സമൃദ്ധമായി നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

JOSEPH MAR THOMAS BISHOP OF BATHERY

+ Mar Thomas

+ ഡോ. ജോസഫ് മാർ തോമസ്

രൂപതാദ്ധ്യക്ഷൻ